# GUPS KANDANTHARA
Academic Master Plan 2025-26

## ആമുഖം
അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് നവോത്ഥാനത്തിന്റെ പ്രഭയിലേക്ക് ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ മർഹൂം മജീദ് മരക്കാർ സാഹിബിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം സാമൂഹ്യ പരിഷ്കർത്താക്കളുടെ ശ്രമഫലമായി ഉയർന്നുവന്ന സ്ഥാപനമാണ് കണ്ടന്തറയിലെ ഈ സ്കൂൾ.

1949-50 അധ്യയന വർഷം സർക്കാർ ഏറ്റെടുത്ത ഈ സ്ഥാപനത്തിൽ ഒട്ടേറെ വിദ്യാർഥികൾക്ക് പഠിക്കാൻ അവസരം ഉണ്ടായി. സമൂഹത്തിന്റെ വിവിധ തുറയിലുള്ളവർക്ക് ആദ്യാക്ഷരം പകർന്നുകൊടുത്ത വിദ്യാലയം എന്ന നിലയ്ക്ക് ഈ നാടിന്റെ പുരോഗതിയിൽ ഈ സ്ഥാപനം വലിയ പങ്കുവഹിക്കുന്നു.

ഒന്നു മുതൽ ഏഴ് വരെ ക്ലാസുകൾ കൂടാതെ എൽകെജി യുകെജി ക്ലാസുകളും ഈ സ്കൂളിൽ നടന്നു വരുന്നു.
ഹെഡ്മിസ്ട്രസ് ഉൾപ്പെടെ12 സ്ഥിരം അധ്യാപകരും ഒരു താൽക്കാലിക അധ്യാപിക, ഒരുPTമിനിയൽ, ഒരു OA, പ്രീ പ്രൈമറിയിലെ രണ്ട് അധ്യാപികമാർ, ഒരു ആയ, റോഷ്നി എജുക്കേഷണൽ വളണ്ടിയർ എന്നിവർ ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചു വരുന്നു. ബി ആർ സി യിൽ ൽ നിന്ന് ഒരു WE ടീച്ചറിന്റെയും ഒരു IEDC ടീച്ചറിന്റെയും സേവനം ഈ സ്കൂളിൽ ലഭിക്കുന്നുണ്ട്.

ഈ വർഷം എൽകെജി മുതൽ ഏഴാം ക്ലാസ് വരെ 308 വിദ്യാർത്ഥികളാണ് ആറാം പ്രവർത്തനത്തിൽ ഉണ്ടായിരുന്നത്. അതിനുശേഷം 20ലധികം കുട്ടികൾ അഡ്മിഷൻ എടുത്തിട്ടുണ്ട്. ഒന്നാം ക്ലാസും ഏഴാം ക്ലാസും ഓരോ ഡിവിഷനും രണ്ടു മുതൽ ആറു വരെ

എല്ലാ ക്ലാസുകളും രണ്ട് ഡിവിഷൻ വീതവും ഉണ്ട്. 2017 മുതൽ റോഷിനി പദ്ധതിയിൽ ഈ വിദ്യാലയം ഉൾപ്പെട്ടിട്ടുണ്ട്.

എൽകെജി മുതൽ ഏഴാം ക്ലാസ് വരെ ക്ലാസുകൾ നല്ല രീതിയിൽ നടന്നു വരുന്നു. പഠന നേട്ടം ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നു. രക്ഷിതാക്കളുടെ മീറ്റിംഗ് വിളിച്ച് പ്രത്യേക ബോധവൽക്കരണ ക്ലാസ് നടത്താറുണ്ട്. കാരണം കുട്ടികളുടെ പഠന മികവിന് രക്ഷിതാക്കളുടെ സഹകരണം വളരെ അത്യാവശ്യമാണ്. കേവലം മാർക്ക് നേടുന്നതിലുപരിയായി സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തിനായി ഈ സ്കൂളിലെ അധ്യാപകരും അനധ്യാപകരും എസ്എംസി ഭാരവാഹികളും പിടിഎ അംഗങ്ങളും കഠിനമായി

# ACADEMIC MASTER PLAN

Standard - I

# മലയാളം

I

## ലക്ഷ്യങ്ങൾ

1. പൊതുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, അറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
2. ഓരോ കുട്ടിക്കും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിതകാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
5. ഓരോ കുട്ടിക്കും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
6. ഓരോ കുട്ടികളുടെയും വ്യക്തിഗത മാറ്റങ്ങൾക്കുപ്രാധാന്യം നൽകുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | വായനോത്സവം<br>കഥാവേള<br>ഓണോർമ്മ (സന്നദ്ധ പ്രവർത്തനങ്ങൾ)<br>വായനക്കാർഡുകൾ<br>സംയുക്തവിലയിരുത്തൽ. | ജൂൺ | രക്ഷിതാക്കൾ<br>അധ്യാപിക | |
| ലേഖനം | കുഞ്ഞെഴുത്ത്<br>സംയുക്ത ഡയറി<br>എഴുത്ത് | ജൂലൈ | രക്ഷിതാക്കൾ<br>അധ്യാപിക | |
| | ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തി എഴുതുന്നു.<br>പാട്ടരങ്ങ്.<br>സംഭാഷണങ്ങൾ സന്ദർഭത്തിനനുസരിച്ച് പൂരിപ്പിക്കുന്നു. | ആഗസ്റ്റ് | | |
| | സ്വകൽപിത ഡയറി എഴുത്ത് | ഒക്ടോബർ | | |

# ഗണിതം

ലക്ഷ്യങ്ങൾ

* വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു. ജ്യാമിതീയ ചിത്രങ്ങൾ, പാറ്റേണുകൾ എന്നിവ പരിചയപ്പെടുന്നു.
* 1 മുതൽ 5 വരെയുള്ള സംഖ്യകൾ പരിചയപ്പെടുന്നു ചിത്രീകരണം നടത്തുന്നു.
* 10 വരെയുള്ള സംഖ്യകൾ എണ്ണി എഴുതുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം
* ടെൻ ഫ്രെയിം ഉപയോഗിച്ച് സങ്കലനക്രിയകൾ എളുപ്പമാക്കുന്നു. വ്യവകലനം പരിചയപ്പെടുത്തുന്നു
* 1 മുതൽ 100 വരെയുള്ള സംഖ്യകൾ എണ്ണുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| * ജ്യാമിതീയ രൂപങ്ങൾ | * ജ്യാമിതീയ ചിത്രങ്ങൾ വരയ്ക്കൽ<br>* പാറ്റേണുകൾ പരിചയപ്പെടുത്തൽ | അധ്യാപകർ രക്ഷിതാക്കൾ | ജൂൺ | |
| * സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ<br>* സംഖ്യാ കാർഡ് നിർമ്മാണം | | ജൂലൈ | |
| * ഗണിത കിറ്റ് | * ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | | | |
| * കുഞ്ഞു പുസ്തകം | കുട്ടികൾ കുഞ്ഞു പുസ്തകം തയ്യാറാക്കുന്നു. | | | |

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂള്ള ലേഖന മികവ് | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാഭ്യാസങ്ങൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബുകൾ<br>മദർ പി.ടി.എ സ്റ്റാഫ് | മദർ പിടിഎ |
| സർഗാത്മകതയെ തട്ടിയുണർത്താം. | 1. രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC<br>അധ്യാപകർ<br>ക്ലബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാഴ്ച ബംഗ്ലാവിലേക്ക്. കാനന കാഴ്ചകൾ.. | സെപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk<br>പ്രതിഭാധനരുമായി സംവദിക്കൽ | മൂന്നു മാസത്തിൽ ഒന്ന് | SRG<br>class Teacher | SSA |
| | English വാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി | | | |
| | One day English | ആഴ്ചയിൽ ഒന്ന് | | |



[illegible]

Std III

മലയാളം.

മേഖല : ക്ലാസ്തലം

സ്റ്റാൻഡേർഡ് : III

വിഷയം : മലയാളം.

| Sl.No | Programme | Activity | Duration | [illegible] | പിന്തുണ |
| --- | --- | --- | --- | --- | --- |
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡുകൾ നൽകൽ<br>വാക്കുകളെഴുതിയ കാർഡ്<br>വാക്യങ്ങൾ നിർമ്മിക്കൽ<br>വാക്യനിർമ്മാണം.<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥപറയൽ<br>ചിത്രം കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>ചിത്രം നൽകി വാക്യരചന | | | BRC<br>IED trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കൽ | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ.<br>ഗ്രന്ഥശാല അംഗത്വം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനക്കുറിപ്പ് പതിപ്പ്. | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>വെബ്സൈറ്റുകൾ<br>വായനാമൂല | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ | എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തക ചർച്ച<br>ക്ലാസ് ലൈബ്രറി<br>വായനക്കുറിപ്പ് പതിപ്പ്.<br>ആസ്വാദനക്കുറിപ്പ് പുസ്തകം | | | |

| Sl.No | Programme | Activity | Duration | ഭൗതികം | മാനുഷികം | |
|---|---|---|---|---|---|---|
| | | വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>സർഗ്ഗസൃഷ്ടികളുടെ പുസ്തകം<br>കവിതാരചന<br>കഥാരചന<br>രചനകളെ മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതൽ<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ബാലസഭ<br>പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>രചയിതാക്കളെ പരിചയപ്പെടൽ<br>സാഹിത്യ സാംസ്കാരിക ചിത്രഗാലറി. | 6 months | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA | |

# കുന്നി നല്ല
# രസകരാരിക
# മനുഷ്യൻ

STD III

EVS

പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | Hm<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | Hm<br>SRG<br>ക്ലാസ്ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണത്വരവളർത്തൽ | ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ആവശ്യാനുസരണം | Hm<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ലക്ഷ്യം. | | | | |
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | | | |
| പ്രകൃതിവിഭവ സംരക്ഷണം | ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ<br>പ്രവർത്തനങ്ങളിലെ<br>പങ്കാളിത്തം. | | | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ<br>അടുത്തറിയാം<br>പരീക്ഷണം വീടിനകത്തും<br>ശാസ്ത്രമാസികകൾ | | | |

| ലക്ഷ്യം. | പ്രവർത്തനം | | |
|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ<br>സസ്യങ്ങളെ നിരീക്ഷിക്കൽ | ജൂൺ - ജൂലൈ | [illegible] Tr |
| പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു, എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ.<br>പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്തംബർ | PTA [illegible] |
| വ്യക്തി ശുചിത്വം. | കൈ കഴുകൽ പരിശീലനം<br>പോസ്റ്റർ നിർമാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ - ഒക്ടോ | അധ്യാപകർ കുട്ടികൾ |

# മലയാളം ( STD IV )

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കു പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദനകുറിപ്പ് പുസ്തകസംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| എഴുത്താം തെളിയാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>Class Teacher | PTA |
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |

| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം - ക്വിസ് പ്രോഗ്രാം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ഗണിതം ( Std IV)

കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ... മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം, വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

ഒറിഗാമിയിലൂടെ പഠിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ. കര-ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാട്ടുകൾ പഠനഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | SRG<br>ക്ലാസ്ടീച്ചർ | PTA |

അക്കാദമിക മാസ്റ്റർ പ്ലാൻ
എൽ പി അറബിക് 2025-26
ജി യു പി എസ് കണ്ടന്തറ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1.അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുക. | അക്ഷര കാർഡുകൾ നൽകുന്നു. അക്ഷരങ്ങൾക്ക് നിറം നൽകൽ. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ ഔട്ട് ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു. ഓരോ അറബിക് പീരിയഡിലും അഞ്ചു മിനിറ്റോളം ഒരു കുട്ടി ഒരു പേജ് ഉറക്കെ വായിക്കുന്നു. I C T ഉപയോഗിക്കുന്നു. | 4 മാസം | അക്ഷര കാർഡുകൾ പുസ്തകങ്ങൾ കമ്പ്യൂട്ടർ | അധ്യാപകർ പി ടി എ |
| 2.അറബി ഭാഷയുടെ ആസ്വാദനത്തിന്റെയും അനുഭവത്തിന്റെയും പരിസരം സൃഷ്ടിക്കൽ. | അറബി ഭാഷ മനസ്സിലാക്കാനും അനുഭവിക്കാനുമുതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും | ഒരു വർഷം | കമ്പ്യൂട്ടർ പുസ്തകങ്ങൾ | അധ്യാപകർ പി ടി എ |

| | | | | |
|---|---|---|---|---|
| | സൗകര്യമുണ്ടാക്കുന്നു. നേരത്തെ ഡൌൺലോഡ് ചെയ്തെടുത്ത അറബി കഥകൾ കവിതകൾ പാട്ടുകൾ, സംഭാഷണങ്ങൾ എന്നിവ LCD പ്രൊജക്റ്ററിന്റെ സഹായത്തോടെ കേൾക്കാനും കാണാനുമുള്ള അവസരം ഒരുക്കുന്നു. | | | |
| 3. അറബി പദസമ്പത്ത് വർധിപ്പിക്കൽ | എല്ലാ ദിവസവും ഒരു പദം ക്ലാസ്സുകളിൽ നൽകുകയും കുട്ടികൾ അത് എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമിക്കാൻ പരിശീലനം നൽകുന്നു. | ഒരു വർഷം | പോസ്റ്റർ ചാർട്ടുകൾ ബോർഡ് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പദ നിർമാണ മത്സരങ്ങൾ നടത്തുന്നു. | | | |
| 4.ഉപചാര വാക്കുകൾ മനസ്സിലാക്കാനും സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കാനുമുള്ള കഴിവ് നേടുക. | പാഠ പുസ്തകത്തിലെ ഉപചാര വാക്കുകൾ ദിനേന ക്ലാസ്സിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു. വീടുകളിലും പുറത്തും സന്ദർഭങ്ങൾക്കനുസരിച്ചു ഉപയോഗിക്കാനുള്ള പ്രോത്സാഹനം നൽകുന്നു. സംഭാഷണങ്ങൾ LCD സഹായത്തോടെ കേൾപ്പിക്കുന്നു. | ഒരു വർഷം | ചാർട്ടുകൾ പോസ്റ്ററുകൾ കമ്പ്യൂട്ടർ | അധ്യാപകർ |
| 5.അറബിക് അസംബ്ലി പരിചയപ്പെടുക. | മാസത്തിലൊരിക്കൽ അറബിക് അസംബ്ലി നടത്തുന്നു. ചെറിയ വാർത്തകളും കുറിപ്പുകളും അറബിയിൽ വായിക്കുന്നു. | ഒരു വർഷം | | |
| 6.ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലു | ഒരു വർഷം | ചാർട്ടുകൾ പോസ്റ്ററുകൾ | അധ്യാപകർ പി ടി എ |

| | | | | |
|---|---|---|---|---|
| | ള്ള പ്ലക്കാർഡുകൾ നിർമിച്ചു ചെറിയ വിവരണങ്ങൾ നൽകുന്നു. | | | |
| 7.അറബി മാഗസിൻ നിർമാണത്തിനുള്ള കഴിവ് നേടുക. | ചിത്രങ്ങൾ, കഥകൾ, കവിതകൾ, കുറിപ്പുകൾ, ഉപചാര വാക്കുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ അറബിക് ദിനത്തോടനുബന്ധിച്ച് നിർമ്മിക്കുന്നു. | നവംബർ - ഡിസംബർ | | അധ്യാപകർ പി ടി എ |

അക്കാദമിക മാസ്റ്റർപ്ലാൻ
UP തലം

സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **കളിയിൽനിന്ന് കാര്യത്തിലേക്ക് :** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ: ഇന്ത്യൻ സംസ്ഥാനങ്ങൾ, കേന്ദ്രഭരണപ്രദേശങ്ങൾ ഇവ ഇന്ത്യയുടെ ഭൂപടത്തിൽനിന്നും മനസിലാക്കൽ, നദികൾ - ഉത്ഭവസ്ഥാനങ്ങൾ, കേന്ദ്രങ്ങൾ അടിസ്ഥാനവിവരങ്ങളുടെ ശേഖരണം നടത്തൽ മുതലായവ. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 2. ജനാധിപത്യപരമായ കാഴ്ചപ്പാട് രൂപപ്പെടുത്തുക. | **തെരഞ്ഞെടുപ്പിലൂടെ :** ക്ലാസ് തലത്തിൽ മാതൃകാതെരഞ്ഞെടുപ്പ് നടത്തുന്നു. തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവിന് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, ക്ലാസ് അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 3. ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കൽ | <u>പണമിടപാടുകളിലൂടെ :</u><br>ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പോകുകയും അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | <u>Virtual Field Trip :</u><br>ചരിത്ര സ്മാരകങ്ങൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്വാതന്ത്ര്യസമര സേനാനികൾ എന്നിവരുടെ ചിത്രങ്ങളും വീഡിയോകളും പ്രദർശിപ്പിച്ച് പഠിതാക്കളിൽ ചരിത്രാവബോധം, രാഷ്ട്രബോധം ഇവ വളർത്തിയെടുക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5. ഗവൺമെന്റിന്റെ പദ്ധതികളെക്കുറിച്ചുള്ള അവബോധം നേടിയെടുക്കൽ. | തുല്യതയിലേക്ക്: നമ്മുടെ രാജ്യത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചും അതിന്റെ ഉപഭോക്താക്കളെക്കുറിച്ചുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം. | അക്കാദമിക വർഷം. | സോഷ്യൽ സയൻസ് ക്ലബ്. |
| 6. നമ്മുടെ സംസ്ഥാനത്തിന്റെ വിവരശേഖരണം - ഡിജിറ്റൽ ഭൂപടവായനയിലൂടെ നേടിയെടുക്കൽ. | കേരളത്തിലൂടെ ഒരു യാത്ര: ICT സഹായത്തോടെ 'കേരള ഭൂപട വായന ക്വിസ് മത്സരം' സംഘടിപ്പിക്കുന്നു. പ്രധാന വിഷയങ്ങൾ: കേരളത്തിലെ നദികൾ, കായലുകൾ, വിമാനത്താവളങ്ങൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവ. | നവംബർ 1 - കേരള പിറവിദിനം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 7. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങൾ, കുട്ടികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ, പോക്സോ നിയമം സ്വയംപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ജാഗ്രത : നല്ല നാളേക്കുവേണ്ടി : സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, നിയമവിദഗ്ധർ എന്നിവരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പഠിതാക്കളോടൊപ്പം രക്ഷിതാക്കളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ, PTA. |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | അറിവിന്റെ ലോകം. മത്സരപരീക്ഷകളിൽ പ്രാഗൽഭ്യം നേടുന്ന വിധം അറിവിന്റെ മത്സരികളെ സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന puzzles, ചോദ്യോത്തരവേളകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

# UP Mathematics

## Academic Master Plan

| | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>• വേദിക്ക് നടത്തുന്നു.<br>• കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു ക്ലാസ് മുറിയിൽ ഒരു ഗണിത മൂല (Maths Corner) സജ്ജമാക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബിലെ അംഗങ്ങൾ. |

| | | | |
|---|---|---|---|
| 3) രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | വിവിധ വർണ്ണക്കടലാസുകളും, ചാർട്ടുകളും ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു, പ്രദർശനം സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാധ്യാപകർ |
| 4) ഗണിത മാഗസിൻ രൂപപ്പെടുത്തുന്നു | വിവിധ ഗണിതപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ശേഖരിച്ച് ഗണിത മാഗസിൻ രൂപം നൽകുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് അംഗങ്ങൾ. |

| | | | |
|---|---|---|---|
| 5) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ- സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടു- ത്തുന്നു. | *IT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണുകൾ, ജ്യാ പോലെയുള്ള പ്രവർത്തന- ങ്ങൾ IT. സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ അദ്ധ്യാപ- കന് കഴിയുന്നു. | 2 മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ. |
| 6) ഗണിതം മത്സരങ്ങൾ | *ഗണിത അസംബ്ലി ഗണിത പാട്ട്, ഗണിത പ്രതിജ്ഞ, തുടങ്ങി ഗണിതത്തിലെ പ്രവർത്തനങ്ങൾ ഉൾപ്പെടു- ത്തി അസംബ്ലി അവതരി- പ്പിക്കുന്നു. | വർഷത്തിൽ ഒരു തവണ. | ഗണിത ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് Remedial teaching നൽകുന്നു. ഗണിതത്തിൽ മുമ്പിൽ നിൽക്കുന്ന കുട്ടികളുടെ ഓരോന്നും അവർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ. | ഗണിതാധ്യാപകർ + ഗണിതത്തിൽ മിടുക്കരായ വിദ്യാർത്ഥികൾ. |
| 8) വിവിധ മേളകളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു. അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG + അധ്യാപകർ. |

## ACADEMIC MASTER PLAN : 2025-26 UP ENGLISH

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1. | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | **1. Follow Me If You can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ് |
| | | **2. Breaking News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ (audio clips) കുട്ടികൾക്ക് വാട്സ് ആപ്പ് വഴി നൽകുന്നു. ഇത് കേട്ട് ദിവസേന 5 headlines എഴുതി വരുവാൻ ആവശ്യപ്പെടുന്നു. | ജൂലൈ - ഓഗസ്റ്റ് | | |
| | | **3. One Man Show**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. | | | |
| | | **3. Speak Only English**<br>ക്ലാസിൽ English-ൽ മാത്രം സംസാരിക്കുവാൻ നിർദ്ദേശം നൽകുന്നു. മലയാളം സംസാരിക്കുന്ന വിദ്യാർത്ഥിക്ക് minus point നൽകുന്നു. | " | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ൨. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | 1. Reading Test<br>ഓരോ chapter-ഉം complete ചെയ്തതിനുശേഷം reading test നടത്തുന്നു. voice modulation, sound, flow, punctuation എന്നിവയ്ക്ക് point കൾ നൽകി best readers-നെ തെരഞ്ഞെടുക്കുന്നു. അവർക്ക് സമ്മാനങ്ങൾ നൽകുന്നു.<br>2. Peer Group Activity (Reading Helpers)<br>Reading Test-ൽ കൂടി തെരഞ്ഞെടുക്കുന്ന best readers-ന് reading difficulty അനുഭവപ്പെടുന്ന കുട്ടികളെ one-to-one നിലയിൽ നൽകുന്നു. Lunch break-ന് ഇവരെ വായിക്കാൻ help ചെയ്യാനുള്ള ചുമതല ഈ reading helpers-ന് നൽകുന്നു. തുടർന്ന് നടത്തുന്ന reading test കളിൽ poor readers പ്രകടിപ്പിക്കുന്ന improvement-ന് അനുസരിച്ച് reading helpers-നും സമ്മാനങ്ങൾ നൽകുന്നു. | Throughout the year | English Teacher | English Club. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ഓരോ കുട്ടികളെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **1. My Droplets**<br>കുട്ടികളുടെ കയ്യെഴുത്ത് ഉൾപ്പെടുത്തി class magazine, mini dictionary എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | English Teacher | English Club. |
| | **2. Alert Zone**<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ തയ്യാറാക്കി ക്ലാസ്മുറികളിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |
| | **3. Our Profiles**<br>ഓരോ കുട്ടിയോടും തങ്ങളുടെ profile തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു. ക്ലാസ് മുറികളിൽ ഇവ പ്രദർശിപ്പിക്കുന്നു. | | | |
| | **4. Spelling Bee**<br>ഓരോ chapter-ലെയും difficult words underline ചെയ്ത് നൽകുന്നു. 5 പ്രാവശ്യം വീതം എഴുതി പഠിക്കുവാൻ ആവശ്യപ്പെടുന്നു. spelling എല്ലാ വാക്കുകളുടെ correct പറയുമ്പോൾ ഓരോ point ഓരോ കുട്ടിക്കും നൽകുന്നു. ഏറ്റവും കൂടുതൽ point ലഭിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു. | Throughout the year | | |